**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12** **16-09-2025 - ൽ മറുപടിയ്ക്ക്**

**കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാത പൂർത്തീകരിക്കുന്നതിന് സർക്കാർ സമയക്രമം നിശ്ചയിച്ചിരുന്നോ; എങ്കിൽ ഇതിൻപ്രകാരം ജലപാതയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത പൂർത്തീകരണത്തിന് പ്രത്യേക സമയക്രമം നിശ്ചയിച്ചിട്ടില്ല. എന്നാൽ പശ്ചിമ തീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) ജലപാത നിർമ്മാണ പ്രവൃത്തി മൂന്ന് ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരുന്നത്. ഒന്നാംഘട്ടത്തിൽ 520 കി.മീ ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിക്കുന്നതിനും രണ്ടാം ഘട്ടത്തിൽ ഏകദേശം 85 കി.മീ. ദൂരത്തിൽ വിവിധ ഇടങ്ങളിലായുള്ള കനാലുകൾ വടകര-മാഹി കനാലുകൾ ഉൾപ്പെടെ, പൂർണ്ണതോതിൽ വികസിപ്പിക്കുകയും, ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ പുനർ നിർമ്മിക്കുന്നതിനും **മൂന്നാം ഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ. ദൂരത്തിലുള്ള കനാലുകൾ, "കോഴിക്കോട് കനാൽ സിറ്റി പ്രോജക്റ്റ്" ഉൾപ്പെടെ, പൂർത്തീകരിക്കുകയും, പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്.**<br><br>**കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിക്കുന്നതിനുള്ള ഒന്നാം ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്.** ജലപാത നിർമ്മാണ പ്രവൃത്തിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്നു വരുന്നത്. |
| (ബി) | പ്രസ്തുത ജലപാതയുടെ ആദ്യഘട്ട പണി എത്രത്തോളം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | കോവളം - ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് ജലപാതയുടെ നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിൽ 520 കി.മീ ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | ജലപാതയുടെ പണി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വിശദമാക്കുമോ? | (സി) | വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ ആവശ്യമായി വരുന്ന കോവളം - ആക്കുളം ഭാഗം, കോട്ടപ്പുറം കല്ലായി ഭാഗം, |

| | | | |
|---|---|---|---|
| | | | കോഴിക്കോട് കനാൽസിറ്റി ഭാഗം, മാഹി -വളപട്ടണം, നീലേശ്വരം - ബേക്കൽ എന്നീ റീച്ചുകൾ ഒഴികെയുള്ള ഭാഗങ്ങൾ 2026 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ **കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആക്കുളം മുതൽ ചേറ്റുവ വരെയുള്ള ഭാഗം 2025 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയും.** |

സെക്ഷൻ ഓഫീസർ